# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേലൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR.P15/381/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020
തീയ്യതി: 31/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേലൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR.P15/381/2023 തീയ്യതി: 31/03/2023

## തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2021 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 17-02-2023 | 25-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-02-2023 | 25-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റെഫി ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സുധ .ഇ.എൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജോയ്സൻ സി.ജെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷോബി.ടി.ആർ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. സിദ്ധാർത്ഥൻ.ടി.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ശ്രീ.ശ്യാംകുമാരൻ.ആർ. | സെക്രട്ടറി | 07-04-2021 | 20-07-2021 |
| ശ്രീ.രാധാകൃഷ്ണൻ.കെ.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-07-2021 | 18-08-2021 |
| ശ്രീ.ശ്യാംകുമാരൻ.ആർ. | സെക്രട്ടറി | 19-08-2021 | 03-10-2021 |
| ശ്രീ.ഷാജി.കെ.കെ. | സെക്രട്ടറി | 04-10-2021 | 20-12-2021 |
| ശ്രീ.ജോസഫ്.ടി.കെ. | സെക്രട്ടറി | 21-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അഞ്ജന.ആർ.പി. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിജി ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.സെബിൻ.സി.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ.ടോണി ജോസഫ്. എ.എഫ്. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.അജിത കുമാരി | ഹെഡ് മിസ്ട്രസ്, ജി.ആർ.എസ്.ആർ.വി.എച്ച്.എസ്.എസ്., വേലൂർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രശ്മി.പി.സി. | വി.ഇ.ഒ., തയ്യൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി.രശ്മി.പി.സി. | വി.ഇ.ഒ., വേലൂർ സർക്കിൾ (അധിക ചുമതല) | 01-04-2021 | 06-01-2022 |
| ശ്രീമതി.ഗ്ലോറിയ ജോസഫ് | വി.ഇ.ഒ., വേലൂർ സർക്കിൾ | 07-01-2022 | 31-03-2022 |
| ശ്രീമതി.സിനു.വി.സി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 05-11-2021 |
| ശ്രീമതി.ലീജ.എൻ.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 06-11-2021 | 31-03-2022 |
| ശ്രീ.ആൽവിൻ.പി.വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 13-10-2021 |
| ശ്രീമതി.ജാസ്മിൻ സി.ജെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-10-2021 | 31-03-2022 |
| ഡോ.ജോമി ജോൺ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീ. രാധാകൃഷ്ണൻ .കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ | 1-10 |
| 11 | വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല. | 1-10-1 |
| 12 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല. | 1-10-2 |
| 13 | വാർഷിക കണക്കിൽ ഡിപ്രിസിയേഷൻ ഷെഡ്യൂൾ ഉൾപ്പെട്ടിട്ടില്ല. | 1-10-3 |
| 14 | വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല. | 1-10-4 |
| 15 | വസ്തുനികുതി- സാംഖ്യ-സഞ്ചയ പൊരുത്തപ്പെടുന്നില്ല. | 1-10-5 |
| 16 | വസ്തുനികുതി- ജേണൽ എൻട്രി മുഖേന ഡിമാന്റ് വ്യത്യാസപ്പെടുത്തി. | 1-10-6 |
| 17 | Prior Period Items വഴി വസ്തുനികുതി അഡ്വാൻസ് വർദ്ധിപ്പിച്ചു. | 1-10-7 |
| 18 | ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല. | 1-10-8 |
| 19 | ആസ്തികളുടെ മൂല്യം സാക്ഷ്യപ്പെടുത്തുന്നില്ല. | 1-10-9 |
| 20 | വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല. | 1-10-10 |
| 21 | വാർഷികപദ്ധതിച്ചെലവുകൾ പൂർണ്ണമായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-11 |
| 22 | ലൈഫ് വായ്പ തിരിച്ചടവ്, അംഗൻവാടി ജീവനക്കാർക്കുള്ള പ്രതിഫലം- സ്രോതസ്സിൽ നിന്നും കുറവ് ചെയ്യപ്പെട്ട തുക വാർഷിക പദ്ധതിയിലും വാർഷിക കണക്കിലും ചെലവായി ഉൾപ്പെടുത്തിയില്ല. | 1-10-12 |
| 23 | ലൈഫ് ലോൺ- തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക കൃത്യമല്ല. | 1-10-13 |
| 24 | സംയുക്ത പ്രൊജക്ടുകളുടെ ചെലവുകൾ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-10-14 |
| 25 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 1-10-15 |
| 26 | ബാധ്യത-തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി. | 1-10-16 |
| 27 | രജിസ്റ്ററുകൾ എഴുതിസൂക്ഷിക്കുന്നില്ല. | 1-10-17 |
| 28 | Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-18 |

| | | |
|---|---|---|
| 29 | ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ - ന്യൂനതകൾ | 1-10-19 |
| 30 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല. | 1-10-20 |
| 31 | ഇൻവെസ്റ്റ്മെന്റ്- ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-10-21 |
| 32 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 33 | വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു | 1-12 |
| 34 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-13 |
| 35 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 36 | ലേലവുമായി ബന്ധപ്പെട്ട അപാകതകൾ | 1-15 |
| 37 | അനധികൃത കെട്ടിടത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല | 1-16 |
| 38 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ഉപകരണങ്ങൾ വാങ്ങൽ - നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-17 |
| 39 | അസി.സെക്രട്ടറിയുടെ ചുമതലയിൽപ്പെട്ട പ്രൊജക്ട് നിർവ്വഹണം നടത്തിയത് ഹെഡ്ക്ലാർക്ക് | 1-18 |
| 40 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-19 |
| 41 | ലൈഫ് ഭവന പദ്ധതി - ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 42 | കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 43 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ(AMC) - കരാറുകാരനിൽ നിന്ന് ജി.എസ്.ടി - ടി.ഡി.എസ്. ഈടാക്കിയില്ല. | 1-22 |
| 44 | തെരുവു വിളക്കുകളുടെ പരിപാലനം- അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ല. | 1-23 |
| 45 | ജൽജീവൻ മിഷൻ പദ്ധതി - വികസന ഫണ്ട് പിൻവലിച്ചത് ചെലവഴിച്ചിട്ടില്ല. | 1-24 |
| 46 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-25 |
| 47 | ശ്മശാന നിർമ്മാണം- അസി.എഞ്ചിനീയർ നിർവ്വഹണം നടത്തേണ്ട പ്രൊജക്ടുകൾ സെക്രട്ടറി നിർവ്വഹിച്ചു. | 1-26 |
| 48 | ദുരിതാശ്വാസ നിധി രൂപീകരണം സംബന്ധിച്ച് | 1-27 |
| 49 | പഞ്ചായത്ത് യോഗ നോട്ടീസ്-നിയമനിഷ്കർഷ പാലിക്കുന്നില്ല | 1-28 |
| 50 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-29 |
| 51 | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം-നിർവ്വഹണത്തിലെ അപാകതകൾ | 1-30 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടായേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബഡ്ജറ്റ്. സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിന് ആശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത്. സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബഡ്ജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായവിധത്തിൽ നിയന്ത്രിക്കുന്നതിന് ബഡ്ജറ്റ് സഹായിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് വിവരങ്ങൾ താഴെ ചേർക്കുന്നു

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയ്യതി | 17.02.21 | 09.03.22 |
| കമ്മിറ്റി തീരുമാനം | 1 | 2/1 |
| പ്രതീക്ഷിത വരവ് | 16,11,05,000 | 26,63,27,684 |
| പ്രതീക്ഷിത ചെലവ് | 16,97,82,827 | 25,09,12,827 |

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ തമ്മിൽ പ്രതീക്ഷിത വരവ്, ചെലവ് എന്നിവയിൽ ഉള്ള വ്യത്യാസം ബജറ്റ് രൂപീകരണത്തിൽ സ്ഥാപനം എത്രമാത്രം ജാഗ്രത പുലർത്തിയെന്നതിന് ഉദാഹരണമാണ്. ഏകദേശം 10 കോടി രൂപയിലധികം വ്യത്യാസം പ്രതീക്ഷിത വരവിലും 8 കോടി രൂപയുടെ വ്യത്യാസം പ്രതീക്ഷിത ചെലവിലും സംഭവിച്ചത് ബജറ്റ് രൂപീകരണം ശരിയായ രീതിയിലല്ല എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ്.

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിലുള്ള മറുപടി/വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.2/17.2.23)നൽകിയിരുന്നു.

1.ബഡ്ജറ്റിൽ ഡി.പി.സി അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ ? അല്ലെങ്കിൽ ഡി.പി.സി അംഗീകരിച്ച മുറയ്ക്ക് വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കിയിട്ടുണ്ടോ ? [കേ.പ.രാ.നിയമം വകുപ്പ് 175(1),214(1)], [(സ.ഉ.(കൈ)11/2018/തസ്വഭവ തീ.29.01.2018-യിലെ ഖണ്ഡിക9]

2.വാസ്തവികമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ടോ ?

3.സെക്രട്ടറി, വിവിധ ഓഫിസ് തലവൻമാരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുന്നതിന് നിർദ്ദേശം നൽകുകയോ അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ (കേ.പ.രാ.നിയമം വകുപ്പ് 214(1)) ചെയ്തിട്ടുണ്ടോ ?

4.ജനവരി 15 ന് മുമ്പ് മറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകേണ്ടതാണ്.(കേ.പ.രാ.നിയമം വകുപ്പ് 214(1)) അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ?

5.G.O.(Rt.)No.3291/2016/LSGD Dt.02.12.2016പ്രകാരം *Manual On Finance Management:Budget* സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത മാനുവലിന്റെ ഖ. 1.3(x)ൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, ബജറ്റ് സ്റ്റേറ്റ്മെന്റ് എന്ന് വിളിക്കപ്പെടുന്ന ഫോർമാറ്റിലാണ് അവതരിപ്പിക്കേണ്ടതെന്ന് അനുശാസിക്കുന്നുണ്ട്. ബജറ്റ് സ്റ്റേറ്റ്മെന്റിലെ ഘടകങ്ങളായ പെർഫോമൻസ് ബഡ്ജറ്റ്, ജെന്റർ ബഡ്ജറ്റ് എന്നിവ 2021-22ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?.

മേൽ വിഷയങ്ങളിൽ മറുപടി നൽകുന്നതൊടൊപ്പം 2021-22-ലെ ബജറ്റ് ഫയൽ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി നൽകിയെങ്കിലും ബജറ്റ് ഫയൽ ഹാജരാക്കാത്തതിനാൽ മറുപടിയുടെ സാധുത പരിശോധിക്കാനായില്ല.

ബന്ധപ്പെട്ട നിയമ നിഷ്കർഷകൾ പാലിച്ചുകൊണ്ട് സാമ്പത്തിക ആസൂത്രണത്തിന് സഹായകമാകുന്ന തരത്തിൽ ബഡ്ജറ്റ് രൂപീകരണം സാധ്യമാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31-07-2022 | 27-07-2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13481054.71 |
| വരവ് | 102425973 |
| ആകെ | 115907027.71 |
| ചെലവ് | 98946304 |
| നീക്കിയിരിപ്പ് | 16960723.71 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14629324 | 14629324 | 14197668 | 431656 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7745622 | 7745622 | 6921056 | 824566 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 20756000 | 20756000 | 19490415 | 1265585 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5751486 | 5751486 | 3596845 | 2154641 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | 0 | 4082379 | 4082379 | 3352214 | 730165 |
| ടൈഡ് ഗ്രാന്റ് | 0 | 8344870 | 8344870 | 4730422 | 3614448 |

## 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|
| 220 | 109968948 | 181 | 68941993 | 39 | 82.27 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 647030 | 647030 | 647020 | 10 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14744388 | 14744388 | 14744388 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 8367128 | 8367128 | 8367128 | 0 |
| ആകെ | 0 | 23758546 | 23758546 | 23758536 | 10 |

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7798000 | 469 |
| വിധവാ പെൻഷൻ | 20389100 | 1293 |
| വാർദ്ധക്യകാലപെൻഷൻ | 36878300 | 2433 |
| വികലാംഗ പെൻഷൻ | 6358400 | 406 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3280400 | 208 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2023 തീയതിയിൽ 3.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 63,877/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് നന്നായി പ്രവർത്തിച്ചു വരുന്നു. എന്നാൽ ബജറ്റ്, വാർഷികധനകാര്യപത്രിക എന്നിവ ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ ധനകാര്യ സ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. വരവിനങ്ങൾ പൂർണ്ണമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. പല പ്രൊജക്റ്റുകളും പദ്ധതി മാർഗ്ഗരേഖ പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള നിർവ്വഹണ ഉദ്യോഗസ്ഥരല്ല നടപ്പിലാക്കിയിട്ടുള്ളത് (ഖ.1-18, 1-26) LSGD എഞ്ചിനിയറിങ്ങ് വിഭാഗത്തിന്റെ ചീഫ് എഞ്ചിനിയർ, സർക്കുലറിലൂടെ എഴുതി സൂക്ഷിക്കാൻ ആവശ്യപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിച്ചുകാണുന്നില്ല. 2021-22 സാമ്പത്തിക വർഷത്തിൽ രണ്ട് തവണ മാത്രമാണ് സ്റ്റിയറിങ്ങ് കമ്മിറ്റി കൂടിയിരിക്കുന്നത്. 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ നിഷ്കർഷ പാലിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണപ്പെട്ട മറ്റു പോരായ്മകൾ ഓഡിറ്റ് റിപ്പോർട്ടിൽ അതത് ഓഡിറ്റ് പരാമർശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു (ഓഡിറ്റ് അന്വേഷണംനം.10/24.02.2023)

### 1-10-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-10-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 34,79,669/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 46,77,675/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പേടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-10-3 വാർഷിക കണക്കിൽ ഡിപ്രിസിയേഷൻ ഷെഡ്യൂൾ ഉൾപ്പെട്ടിട്ടില്ല.

ഇൻകം & എക്സ്പൻഡിച്ചർ പത്രികയിൽ ഡിപ്രിസിയേഷൻ തുകകൾ ചെലവായി ഉൾപ്പെടുത്തിയിട്ടുള്ള ഷെഡ്യൂൾ I-17(a) ഉൾപ്പെട്ടിട്ടില്ല. 2020-21 ലെ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അതേ തുകകൾ തന്നെയാണ് 2021-22 ലെ

ബാലൻസ്ഷീറ്റിലെ അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങളിലും അവശേഷിക്കുന്നത്. ആയതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

### 1-10-4 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ വേലൂർ ഗ്രാമപഞ്ചായത്തിൽ 198 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-5 വസ്തുനികുതി- സാംഖ്യ-സഞ്ചയ പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

5.1തൻവർഷം

5.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 30,09,158 | 29,88,074 | 30,192 | 1,903 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 30,09,158 (ഇൻകം &എക്സ്പെൻഡിച്ചർ | 29,88,074 (റസീറ്റ് & പേയ്മെന്റ് | 32,074 ( 350410101- | 1,903 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | | |
|---|---|---|---|---|
| | അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | ബി-15)2002*100/105 ഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

5.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 18,68,237 | 17,76,449 | 51,872 | 30,978 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 18,68,237 | 17,76,449 | 63,348 | 30,978 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On , Res. & NR Bldg-ന്റെ ലെഡ്ജർ) | *(32,531/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

5.2കുടിശ്ശിക

5.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,54,687 | 1,54,669 | 164 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *1,58,305 | 1,54,669 | 164 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (132395+33825= 166220/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

5.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" | 61,422 | 41,070 | 20,394 |

| | | | |
|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | | | |
| | 61,271 | 41,070 | 20,394 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 48165+16170 = 64335* (/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(21,418/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

5.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 1,53,351 | 8,163 | 1,61,514 | 1,52,101 | 7,887 | 1,59,988 | 1,743 | | 10 | 99 | 99 |
| | നോൺ-റെസിഡൻഷ്യൽ | 94,120 | 3,139 | 97,259 | 90,064 | 20,70 | 92,134 | 2,623 | | 1553 | 1024 | 2577 |
| | ആകെ | | | 2,58,773 | | | 2,52,122 | 4,366 | | 2,676 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 2,59,721 | | | 2,52,122 | | | | 2,56,914 | 2,686 | | |
| | | 2020-21 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-ബി15, State Govt. Cess/levies...... ലെഡ്ജർ 2021-22 ലെ ലെഡ്ജർ എന്നിവ പ്രകാരം | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

5.4 സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി.രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:- 5.1.1, 5.1.2, 5.2.1, 5.2.2, 5.3 എന്നീ പട്ടികകൾ)

5.5 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 2,52,122രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് മേൽ തുകയ്ക്ക് പകരം 2,56,914 രൂപയാണ്. (വൗച്ചർ 42100137,42100141,42100143,42100147,42100165,42100171)(പട്ടിക 3.3 കാണുക )

## 1-10-6 വസ്തുനികുതി- ജേണൽ എൻട്രി മുഖേന ഡിമാന്റ് വ്യത്യാസപ്പെടുത്തി.

വസ്തുനികുതി റിസീവബിൾസ് ലെഡ്ജർ പ്രകാരം താഴെ പറയുന്ന തുകകൾ ജേണൽ എൻട്രികൾ വഴി Prior Period Items മുഖേന ഡിമാന്റ് വർദ്ധിപ്പിക്കുകയോ കുറയ്ക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഈ ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രേഖപ്പെടുത്തലുകൾ നിയമാനുസൃതമാണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വസ്തുനികുതി ശീർഷകം | ഡിമാന്റ് വർദ്ധിപ്പിച്ച തുക | ഡിമാന്റ് കുറവ് ചെയ്ത തുക | ജേണൽ വൗച്ചർ നം. / തീയതി |
|---|---|---|---|
| 431100102- Receivables For Property Tax On Residential Buildings(Arrears) | | 3,210 | 42100137/01.04.21 |
| 431100104- Receivables For Property Tax On Non-Residential Buildings(Arrears) | 37,889 | | 42100136/01.04.21, 42100149 To 42100159/31.03.22 |

1-10-7 Prior Period Items വഴി വസ്തുനികുതി അഡ്വാൻസ് വർദ്ധിപ്പിച്ചു.

തൻവർഷത്തെ റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ വസ്തു നികുതി അഡ്വാൻസ് ലെഡ്ജറുകൾ അക്കൗണ്ട് പരിശോധിച്ചതിൽ താഴെപറയുന്ന തുകകൾ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും,വർക് ഷീറ്റുകളും, നടപടിക്രമങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ശീർഷകം | തുക | വൗച്ചർ നം./തീയതി |
|---|---|---|
| 350410101-Advance Collection Of Revenues-Prop.tax On Res.blgs. | 4,299 | 42100172/31.03.22 |
| 350410104- Advance Collection Of Revenues-Prop.tax On Non.Res.blgs. | 976 | 42100173/31.03.22 |

1-10-8 ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-9 ആസ്തികളുടെ മൂല്യം സാക്ഷ്യപ്പെടുത്തുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-10-10 വികസനഫണ്ടിൽ നിന്നുള്ള മൂലധനച്ചെലവുകൾ - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ ചേർക്കുന്നില്ല.

വികസനഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contributions” എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇത് മൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ട് പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക

കൂടുന്നതിനും കാരണമാകുന്നു. ഇത് 152/11//തസ്വഭവ. തീയതി 26/07/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-10-11 വാർഷികപദ്ധതിച്ചെലവുകൾ പൂർണ്ണമായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി.), കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (റോഡ്), മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) മുതലായവ ഉപയോഗിച്ച് 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ വിവിധ പ്രൊജക്ടുകളുടെ ചെലവുകൾ സുലേഖ ചെലവ് പത്രിക പ്രകാരവും വാർഷിക ധനകാര്യപത്രികയിലെ പത്രികകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. ആയതിനാൽ ടി ചെലവുകൾ വാർഷിക പത്രികയിൽ വരവിലും ചെലവിലും ഉൾപ്പെടാതെ പോയി. ഫണ്ട് തിരിച്ചുള്ള സംക്ഷിപ്തം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഫണ്ട് | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് | | | വ്യത്യാസം |
|---|---|---|---|---|---|---|
| | | | റവന്യൂ ചെലവ് (ഇൻകം & എക്സ്പൻഡിച്ചർ പത്രിക- ഷെഡ്യൂൾ I-6) | മൂലധനച്ചെലവ് (312100101- Capital Contribution ലെഡ്ജർ പ്രകാരം) | ആകെ ചെലവ് | |
| 1 | വികസന ഫണ്ട്- ജനറൽ | 1,51,62,468 | 1,30,77,018 | 0 | 1,30,77,018 | 20,85,450 |
| 2 | വികസന ഫണ്ട്- എസ്.സി.പി. | 69,57,723 | 67,41,056 | 0 | 67,41,056 | 2,16,667 |
| 3 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 80,82,636 | 67,79,995 | 5,98,467 | 73,78,462 | 7,04,174 |
| 4 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 1,94,90,415 | 1,69,48,586 | 0 | 1,69,48,586 | 25,41,829 |
| 5 | മെയിന്റനൻസ് ഗ്രാന്റ്- നോൺറോഡ് | 35,96,845 | 32,61,001 | 0 | 32,61,001 | 3,35,844 |

## 1-10-12 ലൈഫ് വായ്പ തിരിച്ചടവ്, അംഗൻവാടി ജീവനക്കാർക്കുള്ള പ്രതിഫലം- സ്രോതസ്സിൽ നിന്നും കുറവ് ചെയ്യപ്പെട്ട തുക വാർഷിക പദ്ധതിയിലും വാർഷിക കണക്കിലും ചെലവായി ഉൾപ്പെടുത്തിയില്ല.

ലൈഫ് വായ്പാ മുതൽ തിരിച്ചടവ് ഇനത്തിൽ വികസന ഫണ്ടിന്റെ (പൊതുവിഭാഗം) രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നുമായി യഥാക്രമം 2,64,000/- രൂപയും 2,63,999 /- രൂപയുമടക്കം 5,27,999/ - രൂപയും വികസനഫണ്ടിന്റെ (എസ്.സി.പി.) രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നുമായി 36,667/- രൂപ വീതം 73,334/- രൂപയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ലൈഫ് വായ്പാ വായ്പാ മുതൽ തിരിച്ചടവ് ഇനത്തിൽ ജനറൽ വിഭാഗത്തിൽ 2,64,000/- രൂപയുടെയും (പ്രൊ.നം.203/22) എസ്.സി.പി. വിഭാഗത്തിൽ 36,667/- രൂപയുടെയും (പ്രൊ.നം.204/22) ഓരോ പ്രൊജക്ടുകൾ മാത്രമാണ് രൂപീകരിച്ച് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

അതുപോലെ അംഗൻവാടി ജീവനക്കാർക്കുള്ള പ്രതിഫലം ഇനത്തിൽ വികസനഫണ്ടിന്റെ (പൊതുവിഭാഗം) ഒന്ന്, രണ്ട്, മൂന്ന് ഗഡുക്കളിൽ നിന്നുമായി 3,50,400/- രൂപ വീതം 10,51,200/- രൂപ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിൽ 3,50,400/- രൂപയുടെ രണ്ട് പ്രൊജക്ടുകൾ (പ്രൊജക്ട് നമ്പർ- 202/22, 205/22) മാത്രമാണ് രൂപീകരിച്ച് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.

അപ്രകാരം ലൈഫ് വായ്പാ മുതൽ തിരിച്ചടവ് ഇനത്തിൽ 3,00,666/- (263999+36667) രൂപയുടെ ചെലവും,

അംഗൻവാടി ജീവനക്കാർക്കുള്ള പ്രതിഫലം ഇനത്തിൽ 3,50,400/- രൂപയും സുലേഖ ചെലവ് പത്രികയിലും വാർഷിക കണക്കിലും ഉൾപ്പെടാതെ പോയിട്ടുണ്ട്.

### 1-10-13 ലൈഫ് ലോൺ- തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക കൃത്യമല്ല.

ലൈഫ് ഭവന പദ്ധതി ലോൺ ലെഡ്ജർ പ്രകാരം (330500201- Secured Loans- Loan From KURDFC) മുന്നിരിപ്പും നീക്കിയിരിപ്പും 59,60,065/- രൂപയാണ്. എന്നാൽ 2021-22 വർഷത്തിൽ വികസനഫണ്ട് (ജനറൽ) , വികസനഫണ്ട് (എസ്.സി.പി.) എന്നിവയിൽ നിന്നും യഥാക്രമം 5,27,999/- രൂപയും 73,334 രൂപയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ടി ശീർഷകത്തിലെ ലെഡ്ജറിൽ ഇല്ല. വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ലൈഫ് വായ്പാ ഇനത്തിൽ തിരിച്ചടവാക്കാനുള്ള തുകയുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-10-14 സംയുക്ത പ്രൊജക്ടുകളുടെ ചെലവുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

സംയുക്ത പ്രൊജക്ടുകളുടെ ചെലവുകൾ- സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഫണ്ട് | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് | | | വ്യത്യാസം |
|---|---|---|---|---|---|---|
| | | | റവന്യൂ ചെലവ് (ഇൻകം & എക്സ്പൻഡിച്ചർ പത്രിക-ഷെഡ്യൂൾ I-6) | മൂലധനച്ചെലവ് (312100101-Capital Contribution ലെഡ്ജർ പ്രകാരം) | ആകെ ചെലവ് | |
| 1 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 29,87,100 | 25,37,100 | 3,00,000 | 28,37,100 | 1,50,000 |
| 2 | ജില്ലാപഞ്ചായത്ത് വിഹിതം | 40,95,258 | 39,85,258 | | 39,85,258 | 1,10,000 |

### 1-10-15 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 ൽ ഉൾപ്പെട്ടിട്ടുള്ള പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽത്തന്നെ വിവിധ പ്രൊജക്ടുകൾക്കായി ലഭിച്ച തുകകളുടെ ഫലപ്രദമായ നിരീക്ഷണം സാധ്യമാകുന്നില്ല. ഉദാഹരണമായി 320700205 Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം 2021-22 വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും താഴെ പറയുന്ന പ്രൊജക്ടുകൾക്കായി തുക ലഭിച്ചിട്ടുണ്ട്.

1. പഴയങ്ങാടി കളം പുനരുദ്ധാരണം – 6,69,974
2. അങ്കണവാടി പോഷകാഹാരം – 1,17,096
3. ചെറുകുന്ന് റോഡ് – 5,00,000

സുലേഖ ചെലവ് പത്രിക പ്രകാരം 2021-22 വർഷത്തിൽ അങ്കണവാടി പോഷാകാഹാര (പ്രൊ.നം.5/22) പരിപാടിക്കായി 1,17,096/- രൂപയും, പഴയങ്ങാടി കളം പുനരുദ്ധാരണം (പ്രൊ.നം 127/22) പ്രൊജക്ടിനായി 330026/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം തൻവർഷത്തിൽ അങ്കണവാടി പോഷാകാഹാര പരിപാടിക്കായി ചെലവഴിച്ച 1,17,096/- രൂപ മാത്രമാണ് ബാധ്യത ശീർഷകത്തിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത്.

ആയതിനാൽ ടി ഗ്രാന്റുകളുടെ വരവ്, ചെലവ് , ബാലൻസ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

### 1-10-16 ബാധ്യത-തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി.

ഇൻകം & എക്സ്പൻഡിച്ചർ പത്രിക ഷെഡ്യൂൾ I-6 ൽ ഉൾപ്പെട്ടിട്ടുള്ള 160100710-Grant For Drinking Water Schemes എന്ന ശീർഷകത്തിൽ 7,11,750/- രൂപ വരവായി കാണിച്ചിട്ടുണ്ട്. എന്നാൽ ലെഡ്ജർ പരിശോധനയിൽ ടി തുക ജൽജീവൻ മിഷന് നൽകുന്നതിന് (പ്രൊ.നം.08/22) പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് ജൽജീവൻമിഷന് കൈമാറുന്നതിനായി സെക്രട്ടറിയുടെ പേരിലുള്ള ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ടിൽ (നം.240301000005123) സൂക്ഷിച്ചിട്ടുള്ള തുകയാണ്. ടി തുക അനുയോജ്യമായ ബാധ്യതശീർഷകത്തിൽ എടുക്കുന്നതിന് പകരം വരവ് ശീർഷകത്തിൽ തെറ്റായി എടുത്തു.

## 1-10-17 രജിസ്റ്ററുകൾ എഴുതിസൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7, ഷെഡ്യൂൾ ബി-18 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള ശീർഷകങ്ങളിലെ വരവ്, ചെലവ്, ബാലൻസ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

## 1-10-18 Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം Prior Period Income ഷെഡ്യൂളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Res.bldgs. | 7,388 |
| 280100104--Prior Period Income- Property Tax On Non Res.blgs. | (36913) |
| 280200101-Prior Period Income- Rent From Blgds. | (12350) |

## 1-10-19 ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ - ന്യൂനതകൾ

എ) പഞ്ചായത്തിന്റെ വിവിധ തനത് ഫണ്ട് അക്കൗണ്ടുകളിൽ നിന്നും ഇഷ്യൂ ചെയ്തതും ദീർഘകാലമായി എൻകാഷ് ചെയ്യാത്തതായി 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രികയിൽ കാണിക്കുന്ന ചെക്കുകൾ പരിശോധിക്കേണ്ടതും വരുമാനമാക്കി മാറ്റാവുന്നവ അപ്രകാരം ചെയ്യേണ്ടതും അല്ലാത്ത പക്ഷം മൂന്നുമാസത്തിലധികമായ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതുമാണ്. സംക്ഷിപ്തം താഴെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ദീർഘകാലമായി എൻകാഷ് ചെയ്യപ്പെടാത്ത ചെക്കുകളുടെ ആകെ എണ്ണം | തുക | റിമാർക്സ് |
|---|---|---|---|
| SBI-KUHAS A/c.No.33411656542 | 1 | 2,738 | ചെക്ക് തീയതി.19.06.19 |
| SIB-Own Fund A/c.No.0094053000021576 | 5 | 22,302 | 24.12.19 മുതൽ 24.03.21 വരെയുള്ള തീയതികളിലെ ചെക്കുകൾ |
| Velur SCB A/c No.102100010003072 | 35 | 34,079 | 21.03.2013 മുതൽ 18.10.2019 |

| | | | |
|---|---|---|---|
| | | | വരെയുള്ള തീയതികളിലെ ചെക്കുകൾ |

ബി) വേലൂർ സർവീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം Cheques Deposited But Not Collected എന്നയിനത്തിൽ കാണുന്ന ഡെപ്പോസിറ്റ് ചെയ്ത് ദീർഘകാലമായിട്ടും കളക്ഷൻ ആവാത്ത ചെക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നം. | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 118070900022 | 26/09/18 | - | - | 30 |
| 11516400001 | 28/04/15 | 59536 | 24/03/15 | 1250 |
| 31700392 | 20/03/18 | | | 8340 |

ഡെപ്പോസിറ്റ് ചെയ്ത് ദീർഘകാലമായിട്ടും കളക്ഷൻ ആകാത്തതിന്റെ കാരണം പരിശോധിക്കേണ്ടതാണ്.

സി) വേലൂർസർവീസ് സഹകരണബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിന്റെ 2022 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം Directly Credited By Bank എന്നയിനത്തിൽ 06.10.16 മുതൽ 27.07.18 വരെയുള്ള തീയതികളിലായി ആകെ 1001 രൂപ അക്കൗണ്ടിൽ വന്നതായി കാണുന്നു. അതു പോലെ Directly Debited By Bank എന്നയിനത്തിൽ 02/12/2002 മുതൽ 30/03/19 വരെയുള്ള തീയതികളിലായി ആകെ 621 രൂപ അക്കൗണ്ടിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഇടപാടുകൾ നടന്ന് ദീർഘകാലമായിട്ടും മേൽ ഇനങ്ങളിലെ വരവ് ചെലവുകൾ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

## 1-10-20 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

412010101കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ വള്ളിപ്പറ്റ കുടിവെള്ള പദ്ധതി (പ്രൊ.ന.156/22) എന്ന പ്രൊജക്റ്റിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച 10,000/- രൂപ ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്റ്റിനായി ജില്ലാ പഞ്ചായത്ത് വിഹിതമായി ചെലവഴിച്ച 4,30,446/- രൂപ ടി ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം മേൽ ശീർഷകത്തിൽ നിന്നും ആസ്തി ശീർഷകങ്ങളിലേക്ക് യാതൊരു തുകയും ഡെബിറ്റ് ചെയ്യപ്പെട്ടിട്ടില്ല. അസി.എഞ്ചിനീയർ ലഭ്യമാക്കിയ 2021-22 വർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ പട്ടിക പ്രകാരമുള്ള പ്രവൃത്തികളും തൻവർഷം മേൽ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യപ്പെട്ട പ്രവൃത്തികളും പൊരുത്തപ്പെടുന്നില്ല . ആയതിനാൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിലെ തുകയുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-10-21 ഇൻവെസ്റ്റ്മെന്റ്- ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം ഇൻവെസ്റ്റ്മെന്റുകൾ ഇല്ല. എന്നാൽ ഓഡിറ്റ് വേളയിൽ തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ 1000/- രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി നിക്ഷേപം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

1. ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. വേലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. എന്നാൽ എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാതെ കരാറുകാർ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|

| | | |
|---|---|---|
| 1. | അനിരുദ്ധൻ ടി.വി | 2500 |
| 2. | സന്തോഷ് | 2500 |
| 3. | ജിതിൻ സി.എ | 2500 |
| 4. | നന്ദനൻ എം | 2500 |
| 5. | വിൽസൻ ഇ.എസ് | 2500 |
| 6. | അബ്ദുൾ കരീം | 2500 |
| 7. | ഡിപിൻ ഇ.എസ് | 2500 |
| 8. | അഖിൽ ജോൺ | 2500 |
| 9. | ബിജു പി.ഒ | 2500 |
| 10. | സത്യജിത്ത് ഇ.കെ | 2500 |
| 11. | മിജോയ് | 2500 |
| 12. | ഫ്രെഡി ഫ്രാൻസിസ് | 2500 |
| 13. | സൈനുദ്ദീൻ | 2500 |
| 14. | അരുൺ | 2500 |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/27.02.23 നൽകിയെങ്കിലും,മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്ര | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | വേലൂർ-കുറുമാൽ ക്ഷീരോൽപാദക സഹകരണ സംഘം | I,II |
| 2 | വേലൂർ ക്ഷീരോൽപാദക സഹകരണ സംഘം | I,II |
| 3 | പുലിയന്നൂർ ക്ഷീരോൽപാദക സഹകരണ സംഘം | I,II |
| 4 | തൈയ്യൂർ ക്ഷീരോൽപാദക സഹകരണ സംഘം | I,II |

തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രശീതി നമ്പർ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 25/28.02.23 നൽകിയെങ്കിലും,മറുപടിയൊന്നും ലഭ്യമാക്കിയില്ല.ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-12 വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)231/15/തസ്വഭവ തി.9.7.15 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുമ്പോൾ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| 1 | 15/313 A | 118.48 | വ്യവസായം |
| 2 | 15/220A | 17.07 | വ്യവസായം |
| 3 | 15/220B | 15.64 | വ്യവസായം |
| 4 | 8/551 B,C | 48.75 | വാണിജ്യം |
| 5 | 5/183A | 148.76 | താമസം |
| 6 | 3/460A | 169.45 | താമസം |
| 7 | 3/262A | 244.87 | താമസം |
| 8 | 13/488A | 43.67 | വ്യവസായം |

| | | | |
|---|---|---|---|
| 9 | 10/148A | 17.64 | വാണിജ്യം |
| 10 | 1/491 A,B,C,D | 153 | താമസം&വാണിജ്യം |
| 11 | 11/421A | 241.65 | താമസം |
| 12 | 15/160D | 114.90 | താമസം |
| 13 | 1/370B | 313.99 | താമസം |
| 14 | 15/343C | 268.41 | താമസം |
| 15 | 5/271 | 120.13 | താമസം |
| 16 | 15/63A | 150.44 | താമസം |
| 17 | 15/68n | 172.90 | താമസം |

വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിച്ചതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 24/28.2.23 നൽകിയെങ്കിലും,മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ കെട്ടിടനമ്പർ അനുവദിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| ക്ര | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | ബിഎസ്എൻഎൽ | I,II |
| 2 | വേലൂർ-കുറുമാൽ ക്ഷീരോൽപാദക സഹകരണ സംഘം | I,II |
| 3 | വേലൂർ ക്ഷീരോൽപാദക സഹകരണ സംഘം | I,II |
| 4 | പുലിയന്നൂർ ക്ഷീരോൽപാദക സഹകരണ സംഘം | I,II |
| 5 | തൈയ്യൂർ ക്ഷീരോൽപാദക സഹകരണ സംഘം | I,II |

സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ രശീതി നമ്പർ സഹിതം മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 25/28.2.23 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല.ആയതിനാൽ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.142 & 143 പ്രകാരം യഥാക്രമം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ (പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി) പ്രവർത്തിക്കുന്ന കുറ്റസ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 (എ) പ്രകാരവും പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയും, കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. 2021-22 സാമ്പത്തികവർഷത്തിൽ 5 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും പരിശോധനയിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്ര | ലൈസൻസ് നം | സ്ഥാപത്തിന്റെ പേര് |
|---|---|---|
| 1. | 61/21-22 | സെന്റ് മേരീസ് ഹൈടെക് ലാബ് |
| 2. | 267/21-22 | ചൈത്രം ഹോമിയോപ്പതി ക്ലിനിക് |
| 3. | 284/21-22 | വി കെയർ ഡെന്റൽ ക്ലിനിക് |

| | | |
|---|---|---|
| 4. | 297/21-22 | ദിവ്യ ക്ലിനിക്കൽ ലാബ് |
| 5. | 304/21-22 | വൈറ്റ് ഡെന്റൽ ക്ലിനിക് |

ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 23/27.2.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ രജിസ്ട്രേഷനില്ലാത്ത എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കെതിരെയും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ലേലവുമായി ബന്ധപ്പെട്ട അപാകതകൾ

1. 2021-22 സാമ്പത്തിക വർഷത്തിൽ ലേല പരസ്യ നം.A5/3006/21 തി. 05.06.21 പ്രകാരം 16.6.21-ാം തിയ്യതിയിൽ ശീമ കൊന്ന മരത്തിന്റെ ലേലം നടത്തി. ശ്രീ.ഷൈലജൻ, തെക്കുട്ട് വീട് എന്നവർ 2500/-രൂപയ്ക്ക് ലേലം ഉറപ്പിച്ചു. 30.7.21 -ാം തിയ്യതിയിലെ കമ്മിറ്റി തീരുമാനം 18/1 പ്രകാരം ശ്രീ.ഷൈലജൻ, തെക്കുട്ട് വീട് എന്നവർക്ക് ലേലം ഉറപ്പിച്ചു. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യൂവേഷൻ എടുക്കാതെ മരം ലേലം ചെയ്തു.അതുപോലെ ലേലതുകയിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 5/21-22 തി.22.2.23 നല്കി. ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി ഗ്രാമപഞ്ചായത്തിൽ അടവാക്കി.മരം റോഡിൽ വീണ കിടക്കുന്നതിനാൽ ഗതാഗത തടസ്സം ഒഴിവാക്കുന്നതിനായും,കോവിഡ് കാലാമായതിനാൽ ഫോറസ്റ്റ് വകുപ്പിന്റെ ഫീൽഡ് പരിശോധനപ്രവർത്തനങ്ങൾ ഇല്ലാത്തതിനാലും മരം വാല്യൂവേഷൻ എടുക്കാതെ ലേലം ചെയ്തുവെന്നാണ് അറിയിച്ചത്.ഗ്രാമപഞ്ചായത്ത് ഈ മരം മുറിച്ചു നീക്കുന്നതിന് 2500/-രൂപ തനതുഫണ്ടിൽ ചെലവഴിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന് മരം ലേലം ചെയ്ത് ലഭിച്ചത് 2500/-രൂപയും.മുറിച്ചു നൽകിയ മരം വാല്യൂവേഷൻ ചെയ്യാതെ ലേലം ചെയ്തതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.ലേലങ്ങൾ ചട്ടപ്രകാരം മാത്രം നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 2021-22 സാമ്പത്തിക വർഷത്തിൽ ലേല പരസ്യ നം.A5/6493/21 തി. 03.01.22 പ്രകാരം 13.01.22 -ാം തിയ്യതിയിൽ ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായ കസേരകൾ,അഴിച്ചെടുത്ത സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സ്,ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ലേലം നടത്തിയിരുന്നു.14.1.22-ാം തിയ്യതിയിലെ തീരുമാനം 3/1 പ്രകാരം നന്ദനൻ, മരുന്നംക്കാട്ടിൽ ഹൗസ്, തയ്യൂർ എന്നവർക്ക് 20,250/-രൂപയ്ക്ക് ലേലം ഉറപ്പിച്ചു. ടിയാൻ രശീതി നം.121240105414 തി.13.1.21 പ്രകാരം 22,420/-രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കി. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യൂവേഷൻ എടുക്കാതെ മേൽപ്പറഞ്ഞവ ലേലം ചെയ്തിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/21-22 തി.22.2.23) നൽകി. കാര്യാലയം പൊളിക്കുന്നതിനാൽ സമയബന്ധിതമായി ലേലം നടത്തിയെന്നാണ് മറുപടി ലഭ്യമാക്കിയത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യൂവേഷൻ ഇല്ലാതെ ലേലം ചെയ്തതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.ലേലങ്ങൾ ചട്ടപ്രകാരം മാത്രം നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

3. 2021-22 സാമ്പത്തിക വർഷത്തിൽ ലേല പരസ്യം നം.A5/526/22 തി. 31.01.22 പ്രകാരം 09.02.22 -ാം തിയ്യതിയിൽ പഴവൂർ റോഡ് കാന മണ്ണ് (644.90 ഘനമീറ്റർ)ലേലം ചെയ്തിട്ടുണ്ട്. മണ്ണിന്റെ വില 41,273/- രൂപയായി അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണ്ണയം നൽകിയിട്ടുണ്ട്. പ്രസ്തുത തിയ്യതിയിൽ നടന്ന ലേലത്തിൽ ആരും പങ്കെടുത്തില്ല. പിന്നീട് 9/3/22-ാം തിയ്യതിയിലെ തീരുമാനം 5/2 പ്രകാരം പുനർലേലം ചെയ്യുന്നതിന് തീരുമാനിച്ചു. പുനർലേല പരസ്യ നം.A5/526/22 തി. 02.02.22 പ്രകാരം 30.05.22-ാം തിയ്യതിയിൽ പുനർലേലം നടത്തിയിട്ടുണ്ട്. പുനർലേലത്തിൽ മണ്ണിന്റെ അളവ് 221.88 ഘനമീറ്റർ ആയി. അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് നം. 03/AE/LSGD/VLR/21-22 തി.8.2.22 പ്രകാരം പഴവൂർ കാനയിൽ നിന്നും 332.95 ഘനമീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള സർവ്വേ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ആയതിൽ 130.68ഘനമീറ്റർ മണ്ണ് പഴവൂർ റോഡിന്റെ ഷോൾഡർ ഫില്ലിംഗിന് വേണ്ടി എടുത്തിട്ടുള്ളതിനാൽ 221.88 ഘനമീറ്റർ മണ്ണ് മാത്രമാണ് ബാക്കിയുള്ളത് എന്നറിയിച്ച് മൂല്യനിർണ്ണയ സാക്ഷ്യപത്രം നൽകി.ആയതുപ്രകാരം പുനർലേല മണ്ണിന്റെ അളവ് 221.88 ഘനമീറ്റർ ആയി. ആദ്യ ലേലത്തിൽ 644.90 ഘനമീറ്റർ മണ്ണ് ഉണ്ടായിരുന്നു. 130.68ഘനമീറ്റർ മാത്രമാണ് ഫില്ലിംഗിനായി ഉപയോഗപ്പെടുത്തിയിട്ടുള്ളത്.ബാക്കി 514.22 ഘനമീറ്റർ വേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ രണ്ടാമത്തെ മൂല്യനിർണ്ണയത്തിൽ മണ്ണിന്റെ അളവ് 221.88 ഘനമീറ്ററായി. പുനർലേലത്തിലും മണ്ണ് ലേലം ചെയ്തിട്ടില്ല. ആയതിനാൽ ഈ മണ്ണ് നിലവിൽ ലേലം ചെയ്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 5/21-22 തി.22.2.23 നല്കി. പുനർലേലത്തിൽ മണ്ണ് ലേലം ചെയ്തു പോയില്ലായെന്നും, മണ്ണ് അവിടെ തന്നെ ഉള്ളതായും മറുപടി ലഭ്യമാക്കി. മണ്ണിന്റെ അളവിന്റെ കൃത്യത ഉറപ്പാക്കുന്നതിന് എഞ്ചിനീയറിങ്ങ് വിങ്ങിന് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ രണ്ടാം വാല്യൂവേഷൻ പ്രകാരം 292.34 ഘനമീറ്റർ മണ്ണ് കണക്കിൽ നിന്നും അപ്രത്യക്ഷമായി.മണ്ണ് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ മണ്ണിന്റെ വില ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും വസൂലാക്കി തനതുഫണ്ടിൽ അടവാക്കേണ്ടതാണ്. ആയതിനാൽ മണ്ണിന്റെ അളവിന്റെ കൃത്യത ഉറപ്പുവരുത്തി

മണ്ണ് ലേലം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. 2021-22 സാമ്പത്തിക വർഷത്തിൽ ലേല പരസ്യ നം.A7/256/21 തി. 13.12.21 പ്രകാരം വാർഡ് 12ലെ അരിസോണ ജങ്ങ്ഷനു സമീപത്തെ 25.84 ഘനമീറ്റർ മണ്ണ് 28.12.21 തിയ്യതിയിൽ ലേലം ചെയ്തിട്ടുണ്ട്. മണ്ണിന്റെ മൂല്യനിർണ്ണയം 5409/-രൂപയാണ്. പ്രസ്തുത തിയ്യതിയിൽ ലേലം ആരും എറ്റെടുത്തില്ല. ലേല പരസ്യ നം.A7/256/21 തി.02.02.22 പ്രകാരം 15.2.22 -ാം തിയ്യതിയിൽ പുനർലേലം നടത്തിയിട്ടുണ്ട്. പുനർലേലം നടന്നിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കണമെന്നും, ലേലം ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത മണ്ണിന്റെ നിലവിലെ അവസ്ഥ ഓഡിറ്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 5/21-22 തി.22.2.23 നല്കി. മറുപടിയിൽ മണ്ണ് ലേലം നടന്നില്ലായെന്നും മണ്ണ് അവിടെ തന്നെ ഉള്ളതായും മറുപടി ലഭ്യമാക്കി. ആയതിനാൽ മണ്ണ് ലേലം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 അനധികൃത കെട്ടിടത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല

അപേക്ഷ നം.A5/2295/18 തി.15.5.18 പ്രകാരം വിദ്യാ ഇന്റർനാഷണൽ ചാരിറ്റബിൾ ട്രസ്റ്റ് നിർമ്മിച്ച വിദ്യാഭ്യാസ കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് ടൗൺ പ്ലാനർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 15.2.18- ാം തിയ്യതിയിലെ G.O(P) No:12/2018/തസ്വഭവ ഉത്തരവു പ്രകാരം ക്രമവത്ക്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടൗൺ പ്ലാനറുടെ കത്ത് നം.C1/1974/2018Ldis തി.11.10.18 പ്രകാരം ന്യൂനതാകത്ത് നൽകിയിട്ടുണ്ട്. അതിനുശേഷം 2.9.21-ാം തിയ്യതിയിൽ ട്രസ്റ്റ് മറ്റൊരു അപേക്ഷ കൂടി നൽകിയിട്ടുണ്ട്. ഈ വിദ്യാഭ്യാസ കെട്ടിടം നാളിതുവരെ ക്രമവത്ക്കരിച്ചിട്ടില്ല. അപേക്ഷ പ്രകാരം 44588.84 ച.മീറ്റർ വിസ്തൃതിയിലുള്ള കെട്ടിടം ക്രവവത്ക്കരിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കെട്ടിടത്തിന് 15/583, 584, 585, 586, 587, 588, 589, 590, 591, 592, 593, 594, 595, 595A, 596, 597, 598, 599, 600, 600A എന്നി കെട്ടിട നമ്പറുകളുണ്ട്. വിദ്യഭ്യാസ കെട്ടിടത്തിന്റെ 32877 ച.മീ വിസ്തൃതി വരുന്ന കെട്ടിടങ്ങൾക്ക് മുകളിൽ പറഞ്ഞ കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. ബാക്കി വരുന്ന കെട്ടിട ഭാഗങ്ങൾ ക്രമവത്ക്കരിക്കുന്നതിനാണ് ടൗൺ പ്ലാനർക്ക് അപേക്ഷ നൽകിയിട്ടുള്ളത്. അപേക്ഷ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങൾ ക്രമവത്ക്കരിക്കാനുണ്ട്.

| ക്ര | ബ്ലോക്കിന്റെ പേര് | വിസ്തീർണ്ണം(ച.മീ) | പൂർത്തീകരിച്ച വർഷം |
|---|---|---|---|
| 1. | ഡിനൈൽ ബ്ലോക്ക് | 10604.48 | 14.4.14 |
| 2. | കവേഡ് കാർ പാർക്കിങ്ങ് | 491 | 15.4.17 |
| 3. | സിമെന്റ് സ്റ്റോർ | 46.58 | 15.5.12 |
| 4. | പ്രൊഡക്ഷൻ എഞ്ചിനീയർ ലാബ് | 204.33 | 17.4.15 |
| 5. | എസ്.എം തെർമൽ ലാബ് | 58.22 | 31.5.16 |
| 6. | ലേഡീസ് ഹോസ്റ്റൽ | 597.46 | 28.2.11 |
| 7. | ഓഡിറ്റോറിയം | 1139.84 | 10.3.11 |
| 8. | മെയിൽ ബ്ലോക്ക് | 1341.71 | 3.12.13 |

1. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതുപ്രകാരം ഈ വിദ്യഭ്യാസ കെട്ടിടത്തിന്റെ മുകളിൽ പറഞ്ഞ ക്രമവത്ക്കരിക്കാനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നുണ്ടോ, ഉണ്ടെങ്കിൽ കെട്ടിട നമ്പർ, വസ്തുനികുതി അടവാക്കിയ രശീതുകൾ, വസ്തുനികുതി നിർണ്ണയിച്ച ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/24.2.23 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ മേൽപ്പറഞ്ഞ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ആയത് പൂർത്തീകരിച്ച വർഷം മുതൽ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

2. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235 Z പ്രകാരം Penalty For Unlawful Construction Of Building താഴെ ചേർക്കുന്നു.

Where The Construction, Reconstruction Or Alteration Of Any Building,

- Is Commenced Without The Permission Of The Secretary; Or
- Is Carried On Or Completed Otherwise Than In Accordance With The Particulars On Which Such Permission Is Based; Or
- Is Carried On Or Completed In Contravention Of Any Lawful Order Or In Breach Of Any Provision Contained

In This Act Or In Any Rule Or Bye-law Made There Under Or Of Any Direction Or Requisition Lawfully Given Or Made; Or

About Which Alteration Or Addition Required By Notice Issued Under Section 235 N Is Not Duly Made; Or

About Which Any Person To Whom A Direction, Given By The Secretary Under Section 235 W, Fails To Obey Such Direction; The Owner Of The Building Or Such Person, As The Case May Be, Shall, On Conviction Be Liable To A Fine Which May Extend To Rupees Ten Thousand In The Case Of A Building And To Rupees One Thousand In The Case Of A Hut And To A Further Fine Of Rupees One Thousand In The Case Of A Building And Rupees Ten In The Case Of A Hut For Each Day Of Continued Offence:

Provided That The Construction Or Reconstruction Of The Building May Be Regularised Under Section 235 W And If So Regularised By The Secretary, No Person Shall Be Made Liable For Conviction Under This Sub-section.

അനധികൃത കെട്ടിട നിർമ്മാണം നടക്കുമ്പോൾ മുകളിൽ പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്തിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ വിദ്യഭ്യാസ കെട്ടിടത്തിൽ അനധികൃത കെട്ടിട നിർമ്മാണം നടക്കുമ്പോൾ ഗ്രാമപഞ്ചായത്തെടുത്ത നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/24.2.23 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ ഈ കെട്ടിടത്തിൽ നിലവിലോ, ഭാവിയിലോ അനധികൃത നിർമ്മാണങ്ങൾ ആരംഭിച്ചാൽ മുകളിൽ പറഞ്ഞ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

3. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 14.09.2006 ൽ പുറപ്പെടുവിച്ച S.O. 1533 (E) വിജ്ഞാപനത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊജക്ട് പ്രവൃത്തികൾ പുതുതായി തുടങ്ങുകയോ,നിലവിലുള്ളതിൽ വ്യതിയാനങ്ങൾ വരുത്തുകയോ ചെയ്യുന്നതിന് മുമ്പായി State Level Environment Impact Assessment Authority(SEIAA), കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയോ മുൻകൂർ പരിസ്ഥിതികാനുമതി വാങ്ങിയിരിക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് 11.3.2014 ൽ പുറപ്പെടുവിച്ച 78877/RA1/2013 നമ്പർ സർക്കുലർ പ്രകാരം 20000 ച.മീറ്ററിനും അതിൽ കൂടുതലും വിസ്തീർണ്ണമോ (പ്ലോട്ടിൽ നിലവിൽ ഉള്ളതും, നിർദ്ദിഷ്ടമായതും ഉൾപ്പടെ) ഉള്ള നിർമ്മിതികൾക്ക് State Level Environment Impact Assessment Authority(SEIAA) മുൻകൂർ പരിസ്ഥിതികാനുമതി വാങ്ങിയിരിക്കേണ്ടതാണ്. ആയതുപ്രകാരം മുൻകൂർ പരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/24.2.23 നൽകിയെങ്കിലും മുൻകൂർ പരിസ്ഥിതികാനുമതി പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4. 11.7191 ഹെക്ടർ സ്ഥലം ഭൂവികസനം നടത്തിയാണ് 44588.84 ച.മീ വിസ്തൃതി വരുന്ന വിദ്യാഭ്യാസ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ആയതിനാൽ കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ് ഭൂവികസന പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/24.2.23 നൽകിയെങ്കിലും ഭൂവികസന പെർമിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

5. KPBR 2011 ചട്ടം 37 പ്രകാരം 18000 ച.മീ വിസ്തൃതിയിലുള്ള വിദ്യാഭ്യാസ കെട്ടിടങ്ങൾക്ക് 10മീറ്റർ വീതിയിലുള്ള പൊതു വഴി ആവശ്യമാണ്. എന്നാൽ ഈ വിദ്യാഭ്യാസ കെട്ടിടത്തിന് 8മീറ്റർ വീതിയിലുള്ള പൊതു വഴി മാത്രമാണുള്ളത്. എന്നാൽ ഈ വിദ്യാഭ്യാസ കെട്ടിടത്തിന്റെ 32877 ച.മീ വിസ്തൃതി വരുന്ന കെട്ടിടങ്ങൾ വിവിധ വർഷങ്ങളിൽ ക്രമവത്ക്കരിച്ച് കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. കെട്ടിടം ക്രമവത്ക്കരിച്ച ഉത്തരവുകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/24.2.23 നൽകിയെങ്കിലും ക്രമവത്ക്കരിച്ച ഉത്തരവുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

6. ചീഫ് ടൗൺ പ്ലാനറുടെ ലേ ഔട്ട് അപ്രൂവൽ (നം.സി2/616/2009/DDS Dt:22/5/2016) പ്രകാരം 30363.90ച.മീറ്റർ വിസ്തൃതിയിലുള്ള വിദ്യാഭ്യാസ കെട്ടിടത്തിനാണ് അനുമതി നൽകിയിട്ടുള്ളത്. അതായത് 30363.90ച.മീറ്റർ വിസ്തൃതിയിലുള്ള വിദ്യാഭ്യാസ കെട്ടിടത്തിന് മാത്രമേ കെട്ടിടനമ്പർ നൽകാവൂ. എന്നാൽ ഈ വിദ്യാഭ്യാസ കെട്ടിടത്തിന്റെ 32877 ച.മീ വിസ്തൃതി വരുന്ന കെട്ടിടങ്ങൾ വിവിധ വർഷങ്ങളിൽ ക്രമവത്ക്കരിച്ച് കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. ആയത് പരിശോധിക്കേണ്ടതാണ്.

7. ഈ വിദ്യാഭ്യാസ കെട്ടിടത്തിന്റെ 32877 ച.മീ വിസ്തൃതി വരുന്ന കെട്ടിടങ്ങൾ വിവിധ വർഷങ്ങളിൽ ക്രമവത്ക്കരിച്ച് കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 5 മീറ്റർ റോഡിനുള്ള 20% വർദ്ധനവ്, 250 മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നൽകുന്ന 15% വർദ്ധനവ് എന്നിവ വസ്തുനികുതി കണക്കാക്കുന്നതിന് പരിഗണിച്ചില്ല. ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/24.2.23 നൽകിയെങ്കിലും

മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ ഗ്രാമപഞ്ചായത്തിൽ നടക്കുന്ന അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-17 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ഉപകരണങ്ങൾ വാങ്ങൽ - നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് നം. 120/22 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ഉപകരണങ്ങൾ വാങ്ങൽ (സ്പിൽ ഓവർ ) എന്ന പ്രൊജക്ട് പ്രകാരം സംസ്ഥാനാവിഷ്കൃത ഫണ്ട് ഉപയോഗിച്ച് 7,13,753/- രൂപയ്ക്ക് കെൽട്രോണിൽ നിന്നും (വൗച്ചർ നം. 22101446/30.03.22) വിവിധ ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്ത് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.07/24.02.23) ലഭ്യമാക്കിയ മറുപടി പ്രകാരം സെന്ററിന്റെ മുറ്റം ടൈൽ വിരിക്കൽ മുതലായ ചില പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതിനാലാണ് പ്രവർത്തനം ആരംഭിക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ച് എത്രയും വേഗം ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 അസി.സെക്രട്ടറിയുടെ ചുമതലയിൽപ്പെട്ട പ്രൊജക്ട് നിർവ്വഹണം നടത്തിയത് ഹെഡ്മിസ്ട്രസ്

സർക്കാർ ഉത്തരവ് 59/ത.സ്വ.ഭ.വ തീയ്യതി 22/3/2014 പ്രകാരം എസ്.എസി/എസ്.ടി പദ്ധതികളുടെ ചുമതല നിർവ്വഹിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് മേശ കസേര വാങ്ങൽ (പ്രൊ.നം.95/22) എന്ന പ്രൊജക്ട് നടപ്പാക്കിയിരിക്കുന്നത് ജി.ആർ.എസ്.ആർ.വി.എച്ച്.എസ്. സ്കൂൾ ഹെഡ്മിസ്ട്രസാണ്. സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/2018 ത.സ്വ.ഭ.വ തീ. 14.02.2018 ഖണ്ഡിക 7.2.1 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക ധനസഹായ പദ്ധതികളിൽ ഉൾപ്പെടുന്ന പ്രൊജക്റ്റാണ് മേൽ പ്രകാരം സൂചിപ്പിച്ച പ്രൊജക്ട്. പട്ടികജാതിവിഭാഗക്കാരുടെ പ്രൊജക്ടുകൾ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തുന്നതിന് പകരം സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായി സ്കൂൾ ഹെഡ്മിസ്ട്രസ്സിനെ ഏൽപ്പിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6/24.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് (കൈ)നം. 11/2018 ത.സ്വ.ഭ.വ തീ. 29.1.18 പ്രകാരം ഈ ഉത്തരവിന്റെ ഖണ്ഡിക 3.5.1(3)(iii)പ്രകാരം "വിദ്യാഭ്യാസ പ്രോജക്ടുകൾ ഹെഡ്മാസ്റ്റർ നടത്തേണ്ടതാണ്" എന്ന് പരാമർശമുണ്ട്. ഇവ ഒഴികെയുള്ള എസ്.സി/എസ്.ടി വിഭാഗങ്ങളിലെ മറ്റെല്ലാ പ്രോജക്ടുകളുടെയും നിർവ്വഹണോദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ആയിരിക്കുന്നതാണ്. സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/2018 ത.സ്വ.ഭ.വ തീ. 14.02.2018 ഖണ്ഡിക 7.2.1 പ്രകാരം പട്ടികജാതി/പട്ടിക വിഭാഗങ്ങൾക്കുള്ള പ്രത്യേക ധനസഹായ പദ്ധതികളിൽ ഉൾപ്പെടുന്ന പ്രോജക്ടുകളാണ് മേൽ പ്രകാരം സൂചിപ്പിച്ച പ്രൊജക്ട് (ഉത്തരവിന്റെ 7.2.7 ഖണ്ഡിക). ആയതിനാൽ സാധനങ്ങളുടെ പ്രൊക്യൂർമെന്റ് ഉൾപ്പെടുന്ന മേൽ പ്രൊജക്ട് സർക്കാർ നിർദ്ദേശമനുസരിച്ച് നിർവ്വഹണം നടത്തുന്നതിന് അസി.സെക്രട്ടറിയെ ചുമതലപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ - 30/22 പ്രകാരം 3,00,000/- രൂപയ്ക്ക് (വൗച്ചർ നം. 22101325/08.02.22) ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് മേൽ വൗച്ചർ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ 2,01,882/- രൂപയ്ക്ക് മാത്രമേ മരുന്നുകൾ ലഭിച്ചിട്ടുള്ളൂ. ബാക്കി 98,118/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/24.02.23) മറുപടിയായി മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് ഹോംകോ യോട് കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി - ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (എസ്.സി) വിഭാഗത്തിൽ സുമതി.കെ.പി, പുല്ലോറ വീട്, കിരാലൂർ,വേലൂർ എന്ന ഗുണഭോക്താവിന് 28.12.2018 ന് ₹40000/- ആദ്യഗഡുവും, 19.06.2019 ന് ₹1,60,000/-രണ്ടാം ഗഡുവും നൽകിയിട്ടുണ്ട്. മറ്റൊരു ഗുണഭോക്താവായ കനകം W/o മണികണ്ഠൻ,ചോഴിപറമ്പിൽ വീട്, കിരാലൂർ എന്നവർക്ക് 26.06.2020 ന് ₹40,000/-ആദ്യഗഡു,07.01.2021 ന്

₹1,60,000/-രണ്ടാം ഗഡു,26.03.2021ന് ₹1,00,000/- മൂന്നാം ഗഡു എന്നിങ്ങനെ തുകകൾ നൽകിയിട്ടുണ്ട്. ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിലും മേൽ ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിരവധി തവണ നേരിട്ടും അല്ലാതെയും ബന്ധപ്പെട്ടിട്ടും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനുകൂലമായ മറുപടി ലഭിക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടി പ്രകാരം നൽകിയ ധനസഹായം തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട് (19.10.22 ലെ 1-22 നമ്പർ തീരുമാനം, 31.12.22 ലെ 19-1 നമ്പർ തീരുമാനം) . തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (08/24.02.23) തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-21 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പരും | 32/22- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത) | 33/22- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത) (എസ്.സി.) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |
| ചെലവഴിച്ച തുക | 6,25,000/- (വികസന ഫണ്ട് (ജനറൽ)) (വൗച്ചർ നം. 22100999 /30-Oct-2021 - | 62,500 /-(വികസന ഫണ്ട്-എസ്.സി.പി.) വൗച്ചർ നം.22101364 /26-Feb-2022 |

1. വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പ്രൊജക്റ്റുകൾ പ്രകാരം ജനറൽ വിഭാഗത്തിൽ ഒരു ഗുണഭോക്താവിന് 12500/-രൂപ നിരക്കിൽ 50 ഗുണഭോക്താക്കൾക്കായി 6,25,000/- രൂപയും പട്ടികജാതി വിഭാഗക്കാർക്കായുള്ള പ്രൊജക്റ്റ് പ്രകാരം ഒരു ഗുണഭോക്താവിന് 12500/- രൂപ നിരക്കിൽ 5 ഗുണഭോക്താക്കൾക്ക് 62500/- രൂപയും SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്റ്റ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. മേൽ പ്രൊജക്റ്റ് നം. 32/22- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത) എന്ന പ്രൊജക്റ്റിന്റെ വ്യക്തിഗത നാൾ വഴി രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 12/21 മുതൽ കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കൾ ഭാഗികമായി മാത്രമേ കാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളൂ. പദ്ധതിയിൽ നിന്നും ഒഴിവായ ഗുണഭോക്താക്കൾക്കായി അടവാക്കിയ സബ്സിഡി തുക തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

| എൻറോൾമെന്റ് ലിസ്റ്റിലെ ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ഏതു മാസം വരെ കൈപ്പറ്റി |
|---|---|---|
| 9 | സുവർണ്ണ, കിഴവീട്ടിൽ | 11/22 |
| 20 | രാധ, കുന്നത്ത് | 11/22 |
| 33 | രാജശ്രീ.ടി.എസ്., വടക്കേപ്പാട്ട് വാരിയം | 02/22 |
| 44 | ലത അനിൽ, കല്ലാറ്റ് വളപ്പിൽ | 11/22 |
| 45 | ഉഷാകുമാരി,പള്ളിക്കര | 03/22 |

(ഓഡിറ്റ് അന്വേഷണം നം. 16/24.02.23)

## 1-22 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ(AMC) - കരാറുകാരനിൽ നിന്ന് ജി.എസ്.ടി - ടി.ഡി.എസ്. ഈടാക്കിയില്ല.

| | | |
|---|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പരും | 106/22- തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ(AMC) | 07/22- തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ(AMC) |

| | | |
|---|---|---|
| | (സ്പിൽ ഓവർ) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| ചെലവഴിച്ച തുക | 4,52,650/- (തനത് ഫണ്ട്)<br>(വൗച്ചർ നം. 22100925/12.01.22- ₹4,48,123/-<br>വൗച്ചർ നം.22100926/13.01.22- ₹4527) | 3,00,000/- (വികസന ഫണ്ട്-ജനറൽ)<br>(വൗച്ചർ നം.22101317/28.01.22 - ₹150000<br>BRN-2113165201210124654 2/04.03.22 - ₹150000/-) |
| കരാറുകാരന്റെ പേര് | ശ്രീ.ഷൈജു.സി.എഫ്. | ശ്രീ.സതീഷ്.പി.എസ്. |

പഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി (സാധനസാമഗ്രികൾ ഉൾപ്പെടെ) മേൽ പ്രൊജക്ടുകൾ പ്രകാരം കരാറുകാർക്ക് തുക നൽകിയിട്ടുണ്ട്. സി.ജി.എസ്.ടി. ആക്ട് 2017 സെക്ഷൻ 51(1), എസ്.ജി.എസ്.ടി.ആക്ട് 2017 സെക്ഷൻ 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ കൂടുതലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ വൗച്ചറുകൾ പ്രകാരം കരാറുകാർക്ക് നൽകിയ തുകയിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/24.02.23) മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃതമുള്ള ജി.എസ്.ടി.ടി.ഡി.എസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 തെരുവു വിളക്കുകളുടെ പരിപാലനം- അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ല.

2021-22 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ (AMC)സ്പിൽ ഓവർ (പ്രൊ.നം. 106/22) എന്ന പ്രൊജക്ട് ഫയൽ പ്രകാരം വാർഷിക അറ്റകുറ്റപ്പണി കരാർ നൽകിയിട്ടുള്ള ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

സിംഗിൾ ട്യൂബ് സെറ്റ് - 1731 എണ്ണം

ഡബിൾ ട്യൂബ് സെറ്റ് - 67 എണ്ണം

സി.എഫ്.എൽ - 738 എണ്ണം

ഡബിൾ സി.എഫ്.എൽ സെറ്റ് - 66 എണ്ണം

എന്നാൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ തരം, അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ്, വാർഡ് മുതലായവ കാണിക്കുന്ന സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ എപ്രകാരമാണ് സ്ട്രീറ്റ് ലൈറ്റ് എ.എം.സി. നൽകിയതെന്ന് വ്യക്തമല്ല. അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിന് ഇടയാകുന്നുണ്ട്. ഉദാഹരണമായി ഗ്രാമപഞ്ചായത്തിൽ നിലാവ് പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 291 സിംഗിൾ ട്യൂബ്, 23 ഡബിൾ ട്യൂബ്, എം.വി.ലാമ്പ് - 1, സി.എഫ്.എൽ. - 150 എന്നിവ ഡിസ്മാന്റിൽ ചെയ്തതായി അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി., കേച്ചേരിയുടെ 17.11.21 ലെ AE/ES/KRY /94/21-22 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി-AMC (പ്രൊ.നം.7/22) എന്ന പ്രൊജക്ട് നടപ്പാക്കിയപ്പോൾ ഡിസ്മാന്റിൽ ചെയ്ത 150 സി.എഫ്.എല്ലുകൾ ഒഴിവാക്കാതെ മുൻവർഷത്തെ കരാറിലെ സി.എഫ്.എല്ലിന്റെ എണ്ണമായ 738 എണ്ണത്തിന് ഒരെണ്ണത്തിന് 110 രൂപ നിരക്കിൽ വാർഷിക അറ്റകുറ്റപ്പണിക്കായി കരാർ നൽകുകയും 2022 ജനുവരി, മാർച്ച് മാസങ്ങളിൽ കരാറുകാരന് 150000/- രൂപ വീതം 3,00,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.11/24.02.23) മറുപടി ലഭ്യമാക്കിയില്ല.

ഓരോ വർഷവും തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയിനത്തിലും പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷനായും വലിയ തുക ഗ്രാമപഞ്ചായത്ത് ചെലവിടുന്നുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, പോസ്റ്റ് മുതലായ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതുമാണ്. തെരുവ്

വിളക്ക് പരിപാലനത്തിന് കരാറുകാരന് അനുവദിച്ച അധിക തുക , കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

### 1-24 ജൽജീവൻ മിഷൻ പദ്ധതി - വികസന ഫണ്ട് പിൻവലിച്ചത് ചെലവഴിച്ചിട്ടില്ല.

2021-22 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ ജലജീവൻമിഷൻ വിഹിതം നൽകുന്നതിന് പ്രൊ.നം.8/22 പ്രകാരം പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ₹7,11,750 (വൗച്ചർ നം.22101330/14.02.22) പിൻവലിച്ച് സെക്രട്ടറിയുടെ പേരിൽ ഇന്ത്യൻ ഓവർസീസ് ബാങ്ക്, തലക്കോട്ടുകരയിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് (അക്കൗണ്ട്നം. 240301000005123). എന്നാൽ ടി തുക നാളിതുവരെ ജൽജീവൻ മിഷന് കൈമാറിയിട്ടില്ല. വികസന ഫണ്ട് പിൻവലിച്ച് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാൻ ഇടയായത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 14/24.02.23) മറുപടി ലഭ്യമാക്കിയില്ല. പിൻവലിച്ച തുക ജൽജീവൻ മിഷന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്റ്റുകളുടെ ധനവിനിയോഗ / പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമനമ്പർ | പ്രൊജക്റ്റ് | നിർവ്വഹണ ഏജൻസി | വൗച്ചർ നം./തീയതി | തുക |
|---|---|---|---|---|
| 1 | 1/22- എസ്.എസ്.എ വിഹിതം | എസ്.എസ്.എ | 22101215 /16-Sep-2021 | 3,10,439 |
| 2 | 117/22- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി.,കുണ്ടന്നൂർ | 22101460/30.03.22 | 1,67,135 |
| 3 | 2/22- ഐ.കെ.എം.വിഹിതം | ഐ.കെ.എം. | 22101201 /21-Jun-2021 | 78,413 |

(ഓഡിറ്റ് അന്വേഷണം നം. 13/24.02.23)

### 1-26 ശ്മശാന നിർമ്മാണം- അസി.എഞ്ചിനീയർ നിർവ്വഹണം നടത്തേണ്ട പ്രൊജക്റ്റുകൾ സെക്രട്ടറി നിർവ്വഹിച്ചു.

സ.ഉ.(സാധാ)നം.764/2018/തസ്വഭവ. തീയതി 21.03.18 പ്രകാരം സിവിൽ പാർട്ടും മെക്കാനിക്കൽ പാർട്ടും ഉൾപ്പെടുന്ന ക്രിമറ്റോറിയം നിർമ്മാണ പ്രവൃത്തികൾ അസി.എഞ്ചിനീയർ തന്നെ നിർവ്വഹണം നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ 2021-22 വർഷത്തിൽ നടപ്പാക്കിയ ശ്മശാന നിർമ്മാണത്തിന് (സ്പിൽ ഓവർ) (പ്രൊ.നം.109/22), പൊതുശ്മശാന നിർമ്മാണത്തിന് (പ്രൊ.നം.168/22) എന്നീ പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തിയിട്ടുള്ളത് സെക്രട്ടറിയാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.15/24.02.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ പ്രൊജക്റ്റുകൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-27 ദുരിതാശ്വാസ നിധി രൂപീകരണം സംബന്ധിച്ച്

2003-ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

ചട്ടം 4(3)പ്രകാരം നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി പ്രസിഡന്റും, ഗ്രാമപഞ്ചായത്തംഗങ്ങൾക്കിടയിൽനിന്ന് തെരഞ്ഞെടുക്കുന്ന ഒരംഗവും സെക്രട്ടറിയുമടങ്ങുന്ന പഞ്ചായത്തിന്റെ ഒരു സബ്കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും പ്രസിഡന്റ് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറി കൺവീനറുമായിരിക്കുന്നതുമാണ്.

നിധിയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.1/17.2.23) നൽകിയതിന് മറുപടി നൽകിയിട്ടുണ്ട്.ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന തരത്തിൽ സബ്കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധിക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അക്കൗണ്ട് നം. | 102100010007310, SCB Velur |
| മുന്നിരിപ്പ് | 18,147 |
| വരവ് | 17,972 |
| നീക്കിയിരിപ്പ് | 36119 |

2021-22 സാമ്പത്തിക വർഷത്തിൽ അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ചട്ടം 3(5)-ൽ നിഷ്കർഷിക്കുന്ന തരത്തിൽ അച്ചടിച്ച ഫാറത്തിലുള്ള രശീതി തയ്യാറാക്കിയിട്ടില്ല.

നിയമത്തിലെ ലക്ഷ്യങ്ങൾക്കനുസൃതമായി പഞ്ചായത്തിലെ നിർദ്ധനരായ വ്യക്തികൾക്ക് ഗുണകരമാകുന്ന തരത്തിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

## 1-28 പഞ്ചായത്ത് യോഗ നോട്ടീസ്-നിയമനിഷ്കർഷ പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത്രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം4(1) പ്രകാരം യോഗസ്ഥലവും തീയ്യതിയും സമയവും യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളും സംബന്ധിച്ച നോട്ടീസ്, യോഗം തുടങ്ങുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയ്യതിക്ക് 3പൂർണ്ണ ദിവസങ്ങൾക്കു മുൻപെങ്കിലും അംഗങ്ങൾക്ക് നൽകിയിരിക്കേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ പൂർണ്ണ ദിവസങ്ങളിൽ പ്രഖ്യാപിത അവധി ദിവസങ്ങൾ ഉൾപ്പെടുന്നതും നോട്ടീസ് കൈപ്പറ്റിയ തീയ്യതിയും യോഗം കൂടുന്ന തീയ്യതിയും ഉൾപ്പെടാത്തതുമാകുന്നു. വേലൂർ പഞ്ചായത്തിന്റെ മീറ്റിങ്ങ് നോട്ടീസ് രജിസ്റ്ററും, പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സ് പുസ്തകവും പരിശോധിച്ചതിൽ നിന്ന് ചട്ടത്തിലെ നിയമ നിഷ്കർഷ പാലിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| മീറ്റിങ്ങ് നോട്ടീസ് നം./ തീയ്യതി | മീറ്റിങ്ങ് തീയ്യതി | മീറ്റിങ്ങിന്റെ തരം |
|---|---|---|
| 18/21 - 07.06.21 | 09.06.21 | സാധാരണം |

| | | |
|---|---|---|
| 19/21 - 28.06.21 | 30.06.21 | സാധാരണം |

മേൽ വിഷയത്തിൽ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.3/21.2.23)നൽകിയതിന് യുക്തിഭദ്രമായ മറുപടിയല്ല ലഭിച്ചത്. ഒരു നിയന്ത്രണാധികാര സ്ഥാപനമായ ഗ്രാമപഞ്ചായത്തിന് നിയമങ്ങൾ പാലിക്കുകയെന്ന ബാദ്ധ്യതയുമുള്ളതിനാൽ ഈ വിഷയത്തിൽ ജാഗ്രത്തായ സമീപനം കൈക്കൊള്ളേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

തോമാ സെന്റർ ചീരോത്ത് പടി റോഡ് റീ-ടാറിങ്ങ്-കാന-കൾവെർട്ട് (So 133/22)എന്ന പദ്ധതിക്കായി റോഡ് വിഭാഗം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വൗച്ചർ നം.22101339/17.02.22 പ്രകാരം 2,14,088 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും നിർവ്വഹണത്തിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ ഉള്ളതായി കാണുന്നു.

എ)സാങ്കേതികാനുമതി രേഖയിൽ പ്രവൃത്തി ചെയ്തു തീർക്കേണ്ട കാലാവധി രേഖപ്പെടുത്തിയിട്ടില്ല.

ബി)സെലക്ഷൻ നോട്ടീസ്, വർക്ക് ഓർഡർ എന്നിവയിൽ നം./തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

സി)പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ ശ്രീ.ധർമ്മരാജൻ, ചീറ്റത്ത് വീട്, തയ്യൂർ അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും, അപേക്ഷയിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് Supplemental Agreement ഒപ്പു വെച്ചിട്ടുണ്ടെങ്കിലും നം./തീയ്യതി ഇല്ല. കൂടാതെ ഏത് തീയ്യതി വരെയാണ് പൂർത്തീകരണ തീയ്യതി ദീർഘിപ്പിച്ചത് എന്ന് കാണുന്നില്ല.

ഡി)പ്രവൃത്തിയുടെ അളവു പുസ്തകം(നം.130/20-21)പ്രകാരം അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 19.01.22-നാണ്. കേരളPWD Manual ഖണ്ഡിക 2113 അനുസരിച്ച് ഒരു പ്രവൃത്തിയുടെ അവസാന അളവിന്റെ തീയ്യതിയാണ് പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി. എന്നാൽ Supplemental Agreement രേഖപ്പെടുത്തിയത് 02.02.22-ൽ വാങ്ങിയ മുദ്ര പത്രത്തിലാണ്. അതായത് Supplemental Agreement ഒപ്പു വെച്ചിട്ടുള്ളത് പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷമാണ്.

മേൽ വിഷയങ്ങളിൽ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.20/24.2.23) നൽകിയതിന് മറുപടി നൽകിയില്ല. മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട മാന്വലിലെയും വിവിധ സർക്കാർ ഉത്തരവുകളിലെയും വിശിഷ്യാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണികൾ ത്വരിതപ്പെടുത്തുന്നതിനും സുഗമമാക്കുന്നതിനുമായി സർക്കാർ പുറത്തിറക്കിയ സർക്കുലർ നം.45023/എബി2/14/തസ്വഭവ തീ.14.10.14 എന്നിവയിലെയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നിർവ്വഹണം നടത്താൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം-നിർവ്വഹണത്തിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത 'വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം' (So 157/22) എന്ന പദ്ധതിക്കായി 2021-22സാമ്പത്തിക വർഷത്തിൽ 2,38,215രൂപ ചെലവഴിച്ചിട്ടുണ്ട്. നരസിംഹമൂർത്തി അമ്പലം കുടിവെള്ള പദ്ധതി, വേലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കുടിവെള്ള പദ്ധതി, കുറുമാൽ തെക്ക് പടിഞ്ഞാറ് കുടിവെള്ള പദ്ധതി എന്നിവയുടെ നിർവ്വഹണത്തിനായി 3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും LSGD/TS/2020-2021 /10204 Dt.23.02.21 പ്രകാരം സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറവ് രേഖപ്പെടുത്തിയ നന്ദനൻ M. എന്ന കരാറുകാരന്റെ ടെണ്ടർ 05.05.21-ലെ 10/1 നം. പഞ്ചായത്ത്കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിക്കുകയും പ്രവൃത്തി പൂർത്തീകരിച്ച് ട്രഷറി ബിൽ നം.73/26.03.22 പ്രകാരം 2,38,215 രൂപ നൽകിയിട്ടുമുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടപ്രകാരം ഭൂജല പര്യ വേഷണം നടത്തി ഭൂജലവകുപ്പ് തൃശ്ശൂർ ജില്ലാ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഉത്തരവ് നം. | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| | | |

| | | |
|---|---|---|
| ഡിജിടി/58/2021 തീ.30.01.21 | കുറുമാൽ തെക്ക് പടിഞ്ഞാറ് കുടിവെള്ള പദ്ധതി | 91,000 |
| ഡിജിടി/848/2021 തീ.26.07.21 | നരസിംഹമൂർത്തി അമ്പലം കുടിവെള്ള പദ്ധതി | 53,000 |
| ഡിജിടി/848/2021 തീ.26.07.21 | വേലൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കുടിവെള്ള പദ്ധതി | 58,000 |
| | ആകെ | 2,02,000 |

പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇനിയും മറുപടി ലഭ്യമാക്കേണ്ട വിഷയങ്ങൾ താഴെ ചേർക്കുന്നു.

എ)വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണത്തിന് കിണറിന്റെ അളവുകളിൽ മാറ്റം വരുന്നതിനാൽ തുകയിൽ മാറ്റമില്ലാതെ എസ്റ്റിമേറ്റ് പുതുക്കുകയും 29.01.22-ലെ 2/6 നം. പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആദ്യ എസ്റ്റിമേറ്റിൽ വാർഡ് 1,10,12എന്നിവിടങ്ങളിലായി 3 കുഴൽ കിണറുകളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നതെങ്കിലും പുതുക്കിയ എസ്റ്റിമേറ്റിൽ വാർഡ് 1,10എന്നിവിടങ്ങളിലെ കിണറുകൾ നിർമ്മിക്കുന്നതിനുള്ള ഇനങ്ങളും വാർഡ് 12ലെ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട 2 ഇനങ്ങൾ മാത്രം, അധിക ഇനങ്ങളായി ചേർക്കുകയുമാണ് ചെയ്തിരിക്കുന്നത്.

ബി)വാർഡ് 1,10എന്നിവയിലെ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂജലപര്യവേഷണം നടത്തുന്നതിന് ഭൂജലവകുപ്പിനോട് 21.04.21-നാണ് ആവശ്യപ്പെട്ടിരിക്കുന്നതെങ്കിലും മറുപടി ലഭിക്കുന്നതിന് മുൻപുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട ജില്ലയിലെ നോഡൽ ഏജൻസിയായ ഭൂജലവകുപ്പിന്റെ വിദഗ്ദോപദേശം ലഭ്യമാകുന്നതിനുമുൻപുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ സാംഗത്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

സി)മേൽ പ്രവൃത്തിയുടെ ബിൽ പരിശോധിച്ചതിൽ നിന്നും 2,38,215രൂപ പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം വാർഡ് 12-ലെ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട അധിക ഇനങ്ങൾ ക്രമ നം.2, 3 എന്നിവക്കായി യഥാക്രമം 45,240, 5,800എന്നിങ്ങനെ 51,040 രൂപയാണ് പ്രതീക്ഷിത ചെലവ്(45240+5800=51040). ഈ ചെലവ് മാറ്റി നിർത്തിയാൽ 2,48,960രൂപയാണ് (3,00,000-51,040) വാർഡ് 1,10എന്നിവിടങ്ങളിലെ കിണർ നിർമ്മാണത്തിന്റെ പ്രതീക്ഷിത ചെലവ്. എന്നാൽ ഭൂജലവകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം മേൽ രണ്ട് കുഴൽ കിണറിന്റെ നിർമ്മാണത്തിന് 1,44,000 രൂപയാണ് (53000+91000) പ്രതീക്ഷിത ചെലവ്. സാഹചര്യം ഇതായിരിക്കെ

കുഴൽ കിണർ നിർമ്മാണം നിക്ഷേപ പ്രവൃത്തിയായി ഭൂജലവകുപ്പിനെ ഏൽപ്പിക്കാത്തതിനുള്ള കാരണവും ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല.

ഡി) 2,38,215 രൂപ ചെലവഴിച്ച് നിർമ്മിച്ച 3 കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതും ഭൂജല വകുപ്പിനെ നിക്ഷേപ പ്രവൃത്തിയായി പ്രവൃത്തി ഏൽപ്പിക്കാത്തതുമൂലം നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 1287070 | അങ്കണവാടി പോഷകാഹാരം | 1,17,096 | 0 (Govt.Redemption) |

അപാകത വാർഷിക കണക്കിൽ ഖണ്ഡിക നം. 1-10-15 ആയി ചേർത്തിട്ടുണ്ട്.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ നമ്പർ | ചെലവഴിച്ച തുക(തുക കൈമാറിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ ചെലവഴിക്കാത്തതായി ചേർക്കുന്നു) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ളത് മാത്രം. മുൻവർഷങ്ങളിലെ തുക ഉൾപ്പെടാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുത്തുന്നില്ല) |
|---|---|---|---|---|---|
| KSEB | 107/22-സ്ട്രീറ്റ് ലൈൻ നീട്ടൽ | 200000 | 22101328 | 0 | 200000 |
| KSEB | 117/22- സ്ട്രീറ്റ് ലൈൻ നീട്ടൽ- വാർഡ് 10 | 427556 | 22101329- ₹2,31,278 22101187- | 0 | 427556 |

| | | | | | |
|---|---|---|---|---|---|
| | | | ₹29,143<br>22101460-<br>₹1,67,135 | | |
| KSEB | 226/22-സ്ട്രീറ്റ് ലൈൻ നീട്ടൽ | 5,19,000 | 22101327 | 0 | 5,19,000 |
| കേരള വാട്ടർ അതോറിറ്റി | 111/22 ചെറുകുന്ന് കോളനി കുടിവെള്ള പദ്ധതി വാർഡ് 13 | 640000 | 22101248 | 0 | 640000 |
| | 8/22-ജലജീവൻ മിഷൻ വിഹിതം നൽകുന്നത് | 7,11,750 | 22101330 | 0 | 711750 |
| | 119/22-കുണ്ടിലങ്ങാടി കുടിവെള്ളപദ്ധതി | 500000 | 22101247 | 0 | 500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് മിഷൻ പദ്ധതി | ലഭ്യമല്ല | ലഭ്യമല്ല | 59,60,065 | 0 | 59,60,065 |

വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. അപാകത ഖണ്ഡിക 1-10-13 ൽ പരാമർശിച്ചിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,24,25,973 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,89,46,304 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |
|---|---|

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

1) സർച്ചാർജ് നടപടി വഴി ഈടാക്കേണ്ടത്

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 2004-05 | LFT P17-1699/08 Dtd.14.06.10 | 1 | 3-5 | |
| 2 | 2005-06 | LFT P17-343/10 Dtd.18.03.11/ 18.10.11 | 1 | 3-8 | |
| 3 | 2006-07 | LFT 17-344/10 Dtd.18.03.11/ 18.10.11 | 5 | 3-1, 3-3, 3-4, 3-12, 3-13(1)(2) | |
| 4 | 2007-08 | LFT P2-1091/12 Dtd.24.09.12/ 02.02.13 | 2 | 3-1, 3-3 | |
| 5 | 2008-09 | LFT P2-1090/12 Dtd.24.09.12/ 02.02.13 | 2 | 3-3, 3-6 | |
| 6 | 2009-10 | LFT P2-1084/12 Dtd.24.09.12/ 02.02.13 | 1 | 3-2 | |
| 7 | 2010-11 | LFT P2-1085/12 | 8 | 3-2, 3-3, 3-4, 3-5, 3-6, 3-7, | |

| | | | | | |
|---|---|---|---|---|---|
| | | Dtd.24.09.12/ 02.02.13 | | 3-14, 3-16 | |
| 8 | 2011-12 | LFT P6-1123/13 Dtd.11.12.13/ 03.02.14 | 7 | 3-2, 3-3, 3-4(1,2,3), 3-5(1)(a To E), 3-5(2), 3-11(b,c), 3-12 | |
| 9 | 2012-13 | LFT P9-1521/14 Dtd.12.01.15/ 17.03.15 | 7 | 3-1, 3-2, 3-3a, 3-3b, 3-5, 3-6(1,2), 3-6(3), 3-7, 3-11 | |
| 10 | 2013-14 | KSA-TSR P9-792/15 Dtd.15.1015/ 04.11.15 | 8 | 3-3, 3-4b, 3-6, 3-7(1), 3-7(2), 3-8, 3-4c, 3-5 | |
| 11 | 2014-15 | KSA-TSR P9-864/16 Dtd.01.06.16 | 4 | 2-3(iv), 3-5(1,2), 3-14, 3-15 | |
| 12 | 2015-16 | KSA-TSR P9-1/17 Dtd.30.01.17 | 10 | 2-2(1,2,3,4), 3-5(b), 3-6, 3-8, 3-11(1,2,3,4), 3-15, 3-21, 3-22, 3-25, 3-26 | |
| 13 | 2016-17 | KSA-TSR P6-1370/17 Dtd.28.11.17/ 20.12.17 | 17 | 2-1, 2-2, 2-3(2)(3,5), 2-3(3)(4), 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9(1 To 4), 3-10, 3-11, 3-13, 3-14, 3-15, 4-2 | |
| 14 | 2017-18 | KSA-TSR P6-51/19 Dtd.17.01.19 | 7 | 2-5, 3-8, 3-11, 3-12, 3-13, 3-14, 3-16 | |
| 15 | 2018-19 | KSA-TSR P6-323/20 Dtd.19.05.20 | 24 | 1-10,1-11,1-12, 1-14(2),1-15, 1-17, 1-18, 1-20, 1-21, 1-22, 1-24, 1-25, 1-26, 1-27, 1-29, 1-30, 1-31, 1-32, 1-33, 1-34, 3-1, 3-2, 4-1, 4-6 | |

| | | | | | |
|---|---|---|---|---|---|
| 16 | 2019-20 | KSA-TSR P15-345/22 Dtd.17.05.22 | 28 | 1-1, 1-11 മുതൽ 1-35 വരെ, 3-1, 3-2 | |
| 17 | 2020-21 | KSA-TSR P15-346/22 Dtd.17.05.22 | 39 | 1-1, 1-11 മുതൽ 1-43 വരെ, 2-1, 2-2, 3-1, 3-2, 3-3 | |
| | ആകെ | | 171 | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വേലൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്